## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവ്വകലാശാലയുടെ എം.ടെക്-എംബെഡ്ഡഡ് സിസ്റ്റം ഡിസൈൻ – തുല്യതാ അംഗീകാരം നിരസിച്ചുകൊണ്ടുള്ള ശുപാർശ അംഗീകരിച്ച് - ഉത്തരവാകുന്നു.

===========================================================================

### അക്കാഡമിക് ഡി വിഭാഗം

നം.5503/എസിഡി/1/3569/CR/12      പി.ഡി. ഹിൽസ്, തീയതി: 11/09/2017

===========================================================================

സൂചന:- 1) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവ്വകലാശാലയുടെ M-Tech in Embedded System Design മഹാത്മാഗാന്ധി സർവ്വകലാശാലയുടെ M-Tech പ്രോഗ്രാമിന് തുല്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സാം കൊല്ലന്നൂർ സമർപ്പിച്ച അപേക്ഷ.

2) ഡോ. ലൗലി കെ.എം., ചെയർമാൻ BOS എഞ്ചിനീയറിംഗ് (പി.ജി)യുടെ അഭിപ്രായം രേഖപ്പെടുത്തിയ 30/11/2012-ലെ കത്ത്.

3) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 1814/ Ac.D/2011/അക്കാദമിക് തീയതി 09/04/2012.

4) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 770/Ac.D/2014/അക്കാദമിക് തീയതി 10/02/2014.

5) കേരള ഹൈക്കോടതിയുടെ WP(c)No. 6185/2016 തീയതി 06/10/2016 -ലെ വിധി പകർപ്പ്.

6) ഡോ. എ. പ്രവീൺ, ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ അഭിപ്രായം രേഖപ്പെടുത്തിയ, 15/07/2017 ൽ ഈ ഓഫീസിൽ ലഭിച്ച 03/04/2017-ലെ കത്ത്.

7) വൈസ് ചാൻസിലറുടെ 17/08/2017-ലെ ഉത്തരവ്.

### <u>ഉത്തരവ്</u>

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവ്വകലാശാലയുടെ M-Tech in Embedded System Design മഹാത്മാഗാന്ധി സർവ്വകലാശാലയുടെ M-Tech പ്രോഗ്രാമിന് തുല്യമായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷ സൂചന (3)-ൽ പരാമർശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയും സൂചന(4) പ്രകാരം ടി അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 10/2/2017-ലെ ഉത്തരവ് (സൂചന(4))നെതിരെ അപേക്ഷകൻ ഹൈക്കോടതി മുൻപാകെ WP(c) 6185/16 ആയി സമർപ്പിച്ച റിട്ട് പെറ്റീഷനിൽ മേലുള്ള ഹൈക്കോടതി ഉത്തരവ് അനുസരിച്ച് ശ്രീ. സാം കൊല്ലന്നൂറിന്റെ അപേക്ഷ പുനർ പരിഗണിക്കാൻ തീരുമാനമെടുത്തു.

ഹൈക്കോടതി ഉത്തരവ് പ്രകാരം അപേക്ഷ പുനഃപരിശോധിക്കുകയും ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, മഹാത്മാഗാന്ധി സർവ്വകലാശാല, ടി കോഴ്സിന്റെ സ്കീം, സിലബസ്സ് പരിശോധിച്ചതിനുശേഷം IGNOU ന്റെ M-Tech in Embedded System Design മഹാത്മാഗാന്ധി സർവകലാശാലയുടെ M-Tech പ്രോഗാമിന് തുല്യമായി പരിഗണിക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ അഭിപ്രായം പരിഗണിച്ച് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10(17) പ്രകാരം, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവ്വകലാശാലയുടെ M-Tech in Embedded System Design മഹാത്മാഗാന്ധി സർവ്വകലാശാലയുടെ M-Tech പ്രോഗ്രാമിന് തുല്യമായി പരിഗണിക്കേണ്ടതില്ലെന്ന ശുപാർശ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ജോർജ് കെ. വർഗീസ്**
**ഡെപ്യൂട്ടി രജിസ്ട്രാർ II(അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്

1. ശ്രീ. സാം കൊല്ലന്നൂർ
2. പ്രൈവറ്റ് സെക്രട്ടറി (വി.സി/പി.വി.സി)
3. രജിസ്ട്രാരുടെ പി.എ.
4. എ.സി. സി. സെക്ഷൻ
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ